## പഠന വിഷയങ്ങൾ

1. തദ്ദേശഭരണ സംവിധാനം കേരളത്തിൽ
2. ജനകീയാസൂത്രണം
3. ബാലസൗഹൃദ ഭരണം
4. ബാലകേന്ദ്രീകൃത പങ്കാളിത്താസൂത്രണം
5. മറ്റു സംവിധാനങ്ങളുമായുള്ള സംയോജിത ഇടപെടലുകൾ
6. കുട്ടികൾക്കായുള്ള അവകാശം, നിയമ പരിരക്ഷകൾ, സ്കീമുകൾ
7. ബാലസുരക്ഷ നിയമ സംവിധാനങ്ങൾ
8. പ്രത്യേക പരിരക്ഷ ആവശ്യമുള്ള കുട്ടികൾ
9. ബാലകേന്ദ്രീകൃത പഠനങ്ങൾ ഗവേഷണങ്ങൾ

## പഠന സൗകര്യങ്ങൾ

ക്ലാസ്സുറൂം പഠനത്തിനായി കിലയിൽ എത്തിച്ചേരുന്ന പഠിതാക്കൾക്ക് താമസവും ഭക്ഷണവും കില ഒരുക്കുന്നതാണ്. പഠനവുമായി ബന്ധപ്പെട്ട് കില പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ലഭ്യമാക്കുന്നതാണ്.

## പ്രവേശനം

അപേക്ഷിക്കുവാൻ താല്പര്യമുള്ളവർ കിലയുടെ വെബ്സൈറ്റിൽ ലഭ്യമായ നിശ്ചിത മാതൃകയിലുള്ള ഓൺലൈൻ ഫോറം വഴി 2018 ഡിസംബർ 22 നകം അപേക്ഷ സമർപ്പിക്കേണ്ടതാണ് (http://kila.ac.in/cflg). യോഗ്യതയുള്ള അപേക്ഷകരെ കിലയിൽ കൂടികാഴ്ചക്ക് ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവേശനത്തിന് തിരഞ്ഞെടുക്കുകയും ചെയ്യും. തിരഞ്ഞെടുക്കപ്പെടുന്ന ഓരോ അപേക്ഷകരുടെ പേരിലും തദ്ദേശസ്ഥാപനം 3000 രൂപ കിലയിലേക്ക് കോഴ്സ് ഫീസായി നൽകേണ്ടതാണ്.

## കോഴ്സ് ഡയറക്ടർ

ഡോ. പീറ്റർ എം. രാജ്,
അസ്സോസിയേറ്റ് പ്രൊഫസർ, കില.
ഫോൺ : 9447821046



# ബാലസൗഹൃദഭരണം ഡിപ്ലോമകോഴ്സ്

(കേരള സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക്)



KILA
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളംകുന്നത്തുകാവ് പി.ഒ., തൃശൂർ 680 581
ഫോൺ: 0487 2207000 ഫാക്സ്: 0487 2201062 ഇമെയിൽ: info@kila.ac.in

## പശ്ചാത്തലം



തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ വികേന്ദ്രീകൃത ആസൂത്രണ നിർവ്വഹണ ഉദ്യോഗസ്ഥർ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവരുടെ പരിശീലനത്തിനും ഗവേഷണ പ്രവർത്തനങ്ങൾക്കുമായി 1990 ൽ കേരളസർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ രൂപീകരിച്ച പരിശീലന കേന്ദ്രമാണ് കില. പ്രാദേശിക ഭരണ സംവിധാനം ശാക്തീകരിക്കുകയാണ് കിലയുടെ മുഖ്യ ഉദ്ദേശം. ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിൽ പരിശീലനം നൽകുന്നതിനുള്ള ദക്ഷിണേഷ്യയിലെ സുപ്രധാന പരിശീലനസ്ഥാപനമായി മാറുവാൻ കിലക്ക് കഴിഞ്ഞിട്ടുണ്ട്.

ജനകീയാസൂത്രണ പ്രക്രിയ ഉറപ്പുവരുത്തുന്നതിനായി കില ജനപ്രതിനിധികളുടേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും കാര്യപ്രാപ്തി വികസിപ്പിക്കുന്നതിന് നിരവധി പരിപാടികൾ ഇതിനകം ആവിഷ്ക്കരിച്ചിട്ടുണ്ട്. വിഷയാധിഷ്ഠിതമായ പരിശീലനങ്ങൾ, ഗവേഷണങ്ങൾ, നയരൂപീകരണ പ്രവർത്തനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, വിജ്ഞാനവികസന പ്രവർത്തനങ്ങൾ തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. ജനപ്രതിനിധികളുടെ അറിവും നൈപുണികളും മനോഭാവവും ശാസ്ത്രീയമായി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമകോഴ്സുകളും കില നടത്തിവരുന്നു. ഇത്തരം കോഴ്സുകൾ സ്ഥിരമായി നടത്തണമെന്ന് തദ്ദേശസ്ഥാപനങ്ങളുടെ അഭ്യർത്ഥന കണക്കിലെടുത്ത് ബാലസൗഹൃദഭരണത്തിൽ 6 മാസ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് കില തീരുമാനിച്ചിരിക്കുന്നു. ഈ ഡിപ്ലോമ തദ്ദേശസ്ഥാപന ജനപ്രതിനിധികൾക്ക് കുട്ടികളുടെ അവകാശങ്ങൾ ആസൂത്രണ ഇടപെടൽ വഴി ഉറപ്പാക്കാൻ ഉതകുന്ന വൈദഗ്ദ്ധ്യം ഒരുക്കുന്നതിന് സാധ്യതയേകും. താത്വീകമായ നിലപാടുകൾക്കൊപ്പം പ്രായോഗികമായ അനുഭവങ്ങളും ഉൾചേർത്തുകൊണ്ട് ഓരോ സംവിധാനങ്ങളും എങ്ങിനെ ബാലസൗഹൃദമാക്കാം എന്നത് സംബന്ധിച്ച കൃത്യമായ ധാരണയും ഇതുവഴി സൃഷ്ടിക്കാനാവും.

## ബാലസൗഹൃദ ഭരണ ഡിപ്ലോമ കോഴ്സിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

ബാലസൗഹൃദ രംഗവുമായി ബന്ധപ്പെട്ട് താഴെപറയുന്ന വിഷയങ്ങളിൽ പഠിതാക്കളുടെ അറിവും മനോഭാവവും നൈപുണികളും വികസിപ്പിക്കുക.

- കുട്ടികളുടെ വികസനത്തിന്റെ വിവിധ കാഴ്ചപാടുകൾ
- ബാലാവകാശങ്ങൾ പ്രാദേശിക ഭരണപ്രക്രിയയിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനുള്ള ആഭിമുഖ്യം സൃഷ്ടിക്കുക
- കുട്ടികളുടെ വികസനത്തിൽ സംസ്ഥാന ദേശീയ അന്തർദേശീയ സംവിധാനങ്ങളും ഉപാധികളും സംബന്ധിച്ച ധാരണകൾ സൃഷ്ടിക്കുക



- കുട്ടികൾക്കായി രൂപപ്പെടുത്തിയിട്ടുള്ള ഭരണഘടനാ നിർദ്ദേശങ്ങൾ, നിയമങ്ങൾ, സ്കീമുകൾ മറ്റുപാധികൾ എന്നിവ സംബന്ധിച്ച ധാരണ സൃഷ്ടിക്കുക
- ബാലകേന്ദ്രീകൃത പങ്കാളിത്താസൂത്രണം
- ബാലസൗഹൃദ ഭരണ പ്രവർത്തനങ്ങൾ രൂപകൽപന ചെയ്യുകയും നടപ്പാക്കുകയും ചെയ്യുവാൻ സഹായകമായ നൈപുണികൾ സ്വയം പഠനത്തിലൂടെ വികസിപ്പിച്ചെടുക്കുക – പ്രാദേശിക മാതൃക ആക്ഷൻ റിസർച്ച് വഴി രൂപപ്പെടുത്തുക
- കുട്ടികളുടെ അവകാശങ്ങൾ എത്രമാത്രം നടപ്പാക്കപ്പെടുന്നുവെന്ന് തിരിച്ചറിയുന്നതിനുള്ള തെളിവുകൾ ഗവേഷണ പ്രവർത്തനങ്ങൾ വഴി തയ്യാറാക്കുക
- ബാലസൗഹൃദ പ്രാദേശിക ഭരണത്തിൽ കുട്ടികളുടെ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള മോണിട്ടറിംഗുകളും വിലയിരുത്തലുകളും

## കോഴ്സിന്റെ ഘടന

- അപേക്ഷകർ തിരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്ഥാപന ജനപ്രതിനിധി ആയിരിക്കണം
- കോഴ്സ് പഠനകാലാവധി 6 മാസം
- മാസത്തിൽ 3 ദിവസം – കിലയിൽ പരിശീലനം
- പ്രവേശന വിദ്യാഭ്യാസയോഗ്യത കുറഞ്ഞത് പ്ലസ്ടു പാസ്സ് അഥവ തത്തുല്ല്യ യോഗ്യത
- പഠനബോധനഭാഷ – മലയാളം
- കോഴ്സ് അംഗബലം-40

## കോഴ്സിന്റെ ബോധന രീതി

പങ്കാളിത്ത പരിശീലന ബോധന രീതിയാണ് പ്രധാനമായി സ്വീകരിക്കുന്നത്. ചർച്ച, പങ്കാളിത്ത അവതരണം, സ്വയം പഠനരീതി, ഗ്രൂപ്പ്വായന, കെയ്സ് സ്റ്റഡി അപഗ്രഥനം, അനുഭവം പങ്ക് വെക്കൽ, ഗവേഷണ പ്രബന്ധം, മാതൃക അവതരണം, വീഡിയോ അവതരണം തുടങ്ങിയവ

## കോഴ്സ് വിലയിരുത്തൽ

നിരന്തര കോഴ്സ് വിലയിരുത്തലാണ് പ്രധാനമായും പഠന പുരോഗതി തിട്ടപ്പെടുത്തുന്നതിന് ഉപയോഗിക്കുക. ക്ലാസ്സ് ഹാജർ, അസൈൻമെന്റ് സമർപ്പണം, അച്ചടക്കം എന്നിവയോടൊപ്പം. 6 മാസ പഠനത്തിന് ശേഷം വിഷയം അടിസ്ഥാനപ്പെടുത്തി എഴുത്ത് പരീക്ഷയും ഗവേഷണ പ്രബന്ധ വിലയിരുത്തലും ഉണ്ടായിരിക്കും. ഇത്തരത്തിലുള്ള വിലയിരുത്തലിൽ ലഭിക്കുന്ന മാർക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് കോഴ്സ് വിജയിച്ചതായി കണക്കാക്കുക. 75% ഹാജർ ലഭിക്കാത്തവർക്ക് പരീക്ഷയെഴുതുവാൻ അനുമതി ഉണ്ടായിരിക്കുന്നതല്ല.

